**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3952** **09-10-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരവികസന മേഖലയെ പരിപോഷിപ്പിക്കാൻ സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ക്ഷീരവികസന മേഖലയെ പരിപോഷിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും എന്തെല്ലാം നേട്ടങ്ങളാണ് പ്രസ്തുത മേഖലയിൽ ഉണ്ടായിട്ടുള്ളതെന്നും വിശദമാക്കാമോ? | (എ) | വിശദമായ മറുപടി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഉല്പാദനച്ചെലവ് കുറച്ച് ആദായകരമായ ക്ഷീരവൃത്തി ഉറപ്പാക്കുക ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ളതും സുരക്ഷിതവുമായ പാലും പാലുല്പന്നങ്ങളും ഉറപ്പാക്കുക, സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നതും സംഭരിക്കുന്നതും സംസ്ക്കരിക്കുന്നതും വിപണനം നടത്തുന്നതുമായ പാലിന്റെ ഗുണനിലവാരം ഉറപ്പാക്കുക, സുരക്ഷിതമായ പാൽ-പാലുല്പന്ന ഉപഭോഗത്തിലൂടെ ജനതയുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കുക, സ്വയം സഹായക ഗ്രൂപ്പുകൾ, സംയുക്തബാധ്യതാ ഗ്രൂപ്പുകളിലൂടെ ക്ഷീരവികസന രംഗത്ത് ഒരു പുത്തൻ ഉണർവ് ഉറപ്പാക്കുക, സംസ്ഥാനത്തെ ക്ഷീര സഹകരണ പ്രസ്ഥാനങ്ങളുടെ ശാക്തീകരണവും ഭരണച്ചുമതലയും നിറവേറ്റുക, ക്ഷീരകർഷകർക്കായി ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വഴി സാമൂഹിക സുരക്ഷാ പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കുക എന്നീ ദൗത്യങ്ങൾ സർക്കാർ ക്ഷീരവികസന വകുപ്പിലൂടെ നടപ്പിലാക്കി വരുന്നു. സർക്കാർ വകുപ്പുകൾ ആയ ക്ഷീരവികസനവകുപ്പ്, മൃഗസംരക്ഷണവകുപ്പ് കൂടാതെ മിൽമ, കേരളാ ഫീഡ്സ്, മൂന്ന് മേഖലായൂണിയനുകൾ, കെ.എൽ.ഡി ബോർഡ് എന്നീ സ്ഥാപനങ്ങളുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു കൊണ്ട് കർഷകർക്കും ഉപഭോക്താക്കൾക്കും ഒരേപോലെ പ്രയോജനകരമായ രീതിയിൽ ആണ് സർക്കാർ ഈ മേഖലയിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാന ബജറ്റ് വിഹിതമായി 2021-22 വർഷം 103.71 കോടി രൂപയുടേയും 2022-23 വർഷം 106.81 കോടി രൂപയുടേയും 2023-24 സാമ്പത്തിക വർഷം 9418.74 ലക്ഷം രൂപയുടേയും വികസന പ്രവർത്തനങ്ങൾ ആണ് ക്ഷീരമേഖലയിൽ നടപ്പിലാക്കിയത്. 2024-25 വർഷം 5592.12 ലക്ഷം രൂപ ക്ഷീരമേഖലയിലെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ചു. മുൻ വർഷങ്ങളിൽ സർക്കാരിൽ നിന്നും അനുവദിച്ച തുകയുടെ 95 ശതമാനത്തോളം കർഷകക്ഷേമത്തിനായി ഉപയോഗപ്പെടുത്തുവാൻ ക്ഷീരവികസനവകുപ്പിന് സാധിച്ചിട്ടുണ്ട്.

## ഉൽപാദന ക്ഷമതയിൽ വർദ്ധനവ്

വകുപ്പിന്റെ പദ്ധതികളിലൂടെ സംസ്ഥാനത്ത് സങ്കര ഇനം ഉരുക്കളെ എത്തിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനും സാധിച്ചതിന്റേയും കേരളത്തിൽ സ്വീകരിച്ചു വരുന്ന ശാസ്ത്രീയ പ്രജനന നയത്തിന്റേയും ഫല പ്രാപ്തിയെന്ന വണ്ണം കേരളത്തിലെ സങ്കരയിനം പശുക്കളുടെ പ്രതിദിന പാലുല്പാദന ശേഷിയിൽ വന്ന വർദ്ധനവിലൂടെ പശുക്കളുടെ ഉൽപാദന ക്ഷമതയിൽ കേരളത്തിന് രാജ്യത്ത് രണ്ടാം സ്ഥാനം കൈവരിക്കാൻ കഴിഞ്ഞു. (ഒരു പശുവിന് ശരാശരി പ്രതിദിനം 10.79 ലി). കഴിഞ്ഞ 5 വർഷത്തിനിടയിൽ 20,000 പുതിയ കറവപ്പശുക്കളെ നമ്മുടെ സ്റ്റോക്കിൽ എത്തിക്കുവാൻ കഴിഞ്ഞത് വലിയ നേട്ടമാണ്.

## മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം

ക്ഷീരകർഷകർക്കായി ക്ഷീര വികസന വകുപ്പിന്റെ മിൽക്ക് ഡെവലപ്മെന്റ് പ്രോഗ്രാമിൽ പുതിയ ഉരുക്കളെ സംസ്ഥാനത്ത് എത്തിക്കുന്ന പദ്ധതികൾക്കാണ് മുൻതൂക്കം നൽകുന്നത്. ഈ പദ്ധതി മുഖേന ഉപജീവനത്തിനായി പശു വളർത്തുന്ന ചെറുകിട കർഷകർക്ക് നൽകുന്ന 1 പശു യൂണിറ്റ് , 2 പശു യൂണിറ്റ് മുതൽ 5 പശു, 10 പശു, 20 പശു, 50 പശു ഡയറി യൂണിറ്റിനായി വ്യക്തികൾ, സംരംഭകർ, ഗ്രൂപ്പുകൾ എന്നിങ്ങനെയുള്ള വിവിധ വിഭാഗങ്ങളിൽ 15 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു.

യുവാക്കളെ ക്ഷീരമേഖലയിലേയ്ക്ക് ആകർഷിക്കുന്നതിന് ക്ഷീരയുവ എന്ന പേരിൽ സ്മാർട്ട് ഡയറി ഫാം പദ്ധതി നടപ്പിലാക്കുന്നു.

മിൽക്ക് ഷെഡ് വികസന പദ്ധതിയിൽ 166 കോടി രൂപ വകുപ്പ് ഇതുവരെ ചെലവഴിച്ചിട്ടുണ്ട്. കാലിത്തൊഴുത്ത് നിർമ്മാണം, ഫാം ആധുനികവൽക്കരണം, കറവയന്ത്രം, ആവശ്യാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി 5238 എണ്ണം കർഷകർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

## പുതിയ ഉരുക്കളുടെ എണ്ണം വർദ്ധിപ്പിച്ചത്

കഴിഞ്ഞ 5 വർഷങ്ങളിലായി ക്ഷീരവികസന വകുപ്പ് പദ്ധതികളിലൂടെ ഏകദേശം 15912 കറവപശുക്കളേയും 8426 കിടാരികളേയും സംസ്ഥാനത്ത് പുതുതായി എത്തിക്കുവാൻ സാധിച്ചിട്ടുണ്ട്.

## ക്ഷീരഗ്രാമം പദ്ധതി

സമഗ്ര ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ ഗ്രാമ പഞ്ചായത്തുകളെ ക്ഷീരസ്വയം പര്യാപ്തമാക്കിക്കൊണ്ട് സ്വയം പര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി 2017 വർഷം മുതലാണ് ക്ഷീരഗ്രാമം പദ്ധതി ആവിഷ്കരിച്ചത്. കഴിഞ്ഞ 5 വർഷത്തിൽ ഇതുവരെ 86 പഞ്ചായത്തുകളിൽ 14000 ത്തോളം ക്ഷീരകർഷകർക്ക് ധനസഹായം നൽകാൻ കഴിഞ്ഞു. 2024-25 മുതൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ ഫണ്ട് കൂടി ഉൾപ്പെടുത്തി പ്രതി വർഷം 40 പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം നടപ്പിലാക്കി വരുന്നു.

## കിടാരി പാർക്ക് (Heifer Park)

50 കിടാരികളെ വ്യാവസായികാടിസ്ഥാനത്തിൽ വളർത്തുന്നതിനും സർക്കാർ പദ്ധതി ഗുണഭോക്താക്കൾക്ക് വിൽപന നടത്തുന്നതിനുമുള്ള പ്രത്യേക പദ്ധതി (വ്യക്തികൾ; ഗ്രൂപ്പുകൾ /ക്ഷീരസംഘങ്ങൾ/FPO/JLG/SHG) വഴി 23 കിടാരി പാർക്കുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു. വ്യക്തികൾക്കായി 50 ഉരുക്കൾ വീതമുള്ള 17 കിടാരി പാർക്കുകൾക്ക് 15 ലക്ഷം രൂപ വീതം ഇക്കാലത്ത് ധനസഹായം നൽകിയിട്ടുണ്ട്.

## ക്ഷീരലയം/ക്ഷീരതീരം പദ്ധതികൾ

തോട്ടം മേഖലയിലെ ജനങ്ങൾക്കായുള്ള പ്രത്യേക ക്ഷീരവികസന പദ്ധതിയിൽ ഇടുക്കി ജില്ലയിൽ ഒരു ക്ഷീരലയം, മത്സ്യ ബന്ധന/കയർ തൊഴിൽ മേഖലയിലെ ഉന്നമനത്തിനായി 126 കുടുംബങ്ങളെ ഉൾപ്പെടുത്തി ക്ഷീരതീരം (പ്രത്യേക 2 പശു യൂണിറ്റ് പദ്ധതി) എന്നിവ നടപ്പിലാക്കിയത് സംസ്ഥാനത്തുടനീളം ജനപ്രിയമായിട്ടുണ്ട്.

## ബാങ്ക് ഇന്ററസ്റ്റ് സബ്വെൻഷൻ സ്കീം

ബാങ്ക് വായ്പയുടെ മുഴുവൻ പലിശയും നൽകുന്ന പദ്ധതി - ഡയറി ഫാമുമായി ബന്ധപ്പെട്ട ലോൺ എടുത്ത കർഷകർ പലിശ കൃത്യമായി അടച്ചു കഴിഞ്ഞാൽ മുഴുവൻ തുകയും 5 വർഷം വരെ സബ്സിഡിയായി നൽകുന്ന പദ്ധതി കഴിഞ്ഞ 3 വർഷങ്ങളായി നടപ്പിലാക്കി വരുന്നു.

## ഇടുക്കി സ്പെഷ്യൽ പാക്കേജ്

പ്രതിവർഷം 25 ലക്ഷം രൂപ ചെലവഴിച്ച് ഇടുക്കി ജില്ലയിലെ ക്ഷീരകർഷകർക്കായുള്ള വിവിധ ക്ഷീരവികസന പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുന്നതിലൂടെ ജില്ലയ്ക്ക് പ്രത്യേക പരിഗണന നൽകുന്നു.

## ഹെർഡ് ക്വാറന്റൈൻ കം ക്യാറ്റിൽ ട്രേഡിംഗ് സെന്റർ

സംസ്ഥാനത്തിന് പുറത്ത് നിന്നും കൊണ്ടു വരുന്ന ഉരുക്കളെ ക്വാറന്റൈൻ ചെയ്യുന്നതിനും പദ്ധതി ഗുണഭോക്താക്കൾക്ക് ആരോഗ്യമുള്ള ഉരുക്കളെ വിതരണം ചെയ്യുന്നതിനുമുള്ള പ്രത്യേക പദ്ധതി കഴിഞ്ഞ വർഷങ്ങളിൽ നടപ്പിലാക്കിയതു വഴി 3 ഹെർഡ് ക്വാറന്റൈൻ കം ക്യാറ്റിൽ ട്രേഡിംഗ് സെന്ററുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നു .

## കേരള ക്ഷീരകർഷക ക്ഷേമ നിധി ബോർഡ്

രാജ്യത്തെ ക്ഷീരകർഷകർക്കു വേണ്ടിയുള്ള ഒരേ ഒരു ക്ഷേമനിധി ബോർഡ് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ആണ്. ക്ഷീരകർഷക ക്ഷേമത്തിനായുള്ള പെൻഷൻ, ഫാമിലി പെൻഷൻ, മറ്റു സുരക്ഷാ പദ്ധതികൾ എന്നിവ ക്ഷേമനിധി ബോർഡ് നടപ്പിലാക്കുന്നു. ക്ഷീരസാന്ത്വനം സമഗ്ര ഇൻഷ്വറൻസ് പദ്ധതി വഴി ഇതുവരെ 60,792 കർഷകരേയും 18,278 ഉരുക്കളേയും ഇൻഷ്വർ ചെയ്തിട്ടുണ്ട്. ക്ഷേമനിധിയിൽ അംഗമായശേഷം അഞ്ചു വർഷമെങ്കിലും കുറഞ്ഞത് 500 ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും, 60 വയസ്സ് പൂർത്തിയാവുകയും ചെയ്താൽ പെൻഷന് അർഹതയുണ്ടായിരിക്കുന്നതാണ്.

ക്ഷീരവൃത്തിയുമായി ബന്ധപ്പെട്ട് അപകടം സംഭവിച്ച് 40% ൽ അധികം വൈകല്യമുള്ള (മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ്) ക്ഷീരകർഷകർക്ക് അറുപത് വയസ്സ് പൂർത്തിയാകാതെ തന്നെ അവശത പെൻഷൻ നൽകുന്നു. പെൻഷണർ മരണപ്പെട്ടാൽ പെൻഷണറുടെ അനന്തരവകാശിക്ക് പ്രതിമാസം 550 രൂപ നിരക്കിൽ കുടുംബപെൻഷൻ നൽകി വരുന്നു. കൂടാതെ വിവാഹധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം ക്ഷീരസുരക്ഷ (ചികിത്സാ ധനസഹായം), ക്ഷീരകർഷകർക്ക് പ്രോത്സാഹനം എന്ന നിലക്ക് ജില്ലകളിൽ നിന്നും തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ക്ഷീരകർഷകർക്ക് ജില്ലാതലത്തിലുള്ള അവാർഡും, പ്രശംസാപത്രവും, സംസ്ഥാനതലത്തിൽ തെരഞ്ഞെടുക്കുന്ന കർഷകന് സംസ്ഥാനതലത്തിലുള്ള അവാർഡും, പ്രശംസാപത്രവും നൽകുന്നു.

## ക്ഷീര സഹകരണ സംഘങ്ങളുടെ പ്രവർത്തനം

ക്ഷീരവികസന വകുപ്പിൽ രജിസ്റ്റർ ചെയ്ത 3594 ക്ഷീരസംഘങ്ങളാണുള്ളത്. ഈ സംഘങ്ങൾ ക്ഷീരകർഷകർക്കും ഉപഭോക്താക്കൾക്കും വിപണി സുരക്ഷയും ഭക്ഷ്യ സുരക്ഷയും ഉറപ്പാക്കുന്നു. 3264 ആപ്കോസ് ക്ഷീര സഹകരണ സംഘങ്ങളും 330 ഓളം പരമ്പരാഗത വ്യവസായ ക്ഷീര സംഘങ്ങളും സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ആകെ ഉല്പാദനത്തിന്റെ 27 മുതൽ 28 ശതമാനം വരെ പാൽ സംഭരിക്കുന്നത് സഹകരണ മേഖലയിലാണ്. കേരളത്തിൽ ഏകദേശം 8 ലക്ഷം കുടുംബങ്ങൾ പശുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു എന്നാണ് കണക്കാക്കുന്നത്. ഇതിൽ 3.78 ലക്ഷം കർഷകർ ക്ഷീരസംഘങ്ങളിൽ അംഗങ്ങളാണ്. ഇന്നിപ്പോൾ രാജ്യത്ത് പാലിന് ഏറ്റവും ഉയർന്ന വില നല്കുന്ന സംസ്ഥാനം കേരളമാണ്. ശരാശരി 43/- രൂപ ഒരു ലിറ്റർ പാലിന് വിലയായി കർഷകർക്ക് നലകുന്നുണ്ട്. കേരളത്തിന്റെ ക്ഷീരസഹകരണ സംഘങ്ങളിലൂടെ പ്രതിവർഷം 2846.00 കോടി രൂപ പാൽ വിലയായി മാത്രം കർഷകർക്ക് നൽകപ്പെടുന്നു. 9.5 ലക്ഷം പ്രവർത്തി ദിനങ്ങളാണ് ഈ മേഖലയിൽ ഓരോ വർഷവും സൃഷ്ടിക്കപ്പെടുന്നത്. ക്ഷീരകർഷരുടെ സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിനായി ഡിസംബർ 2022 മാസം പാൽവില ചാർട്ട് നവീകരിച്ചു. പാൽവില്പന വില ലിറ്ററിന് 6 രൂപ വർദ്ധിപ്പിച്ചപ്പോൾ ആയതിന്റെ 83.75 %, അതായത് 5.052 രൂപ കർഷകർക്ക് പാൽവിലയായി ലഭിക്കുന്ന രീതിയിൽ പാൽ വില ചാർട്ട് ശാസ്ത്രീയമായി നവീകരിച്ചു.

## ക്ഷീരസംഘങ്ങളുടെ ശാക്തീകരണം

ക്ഷീരസംഘങ്ങളുടെ ശാക്തീകരണവും അടിസ്ഥാന സൗകര്യ വികസനവും നടത്തുന്നതിന്റെ ഭാഗമായി 53 സംഘങ്ങളിൽ ഫാർമർ ഫെസിലിറ്റേഷൻ ആൻഡ് ഇൻഫർമേഷൻ സെന്ററുകൾ, 71 പാൽ സംഭരണ മുറികൾ, എന്നിവ സ്ഥാപിക്കുന്നതിനായി 5.45 കോടി രൂപയാണ് നൽകിയിട്ടുള്ളത്. 24 സംഘങ്ങളിൽ മഴവെള്ള സംഭരണി, 44 മാലിന്യ സംസ്കരണ യൂണിറ്റുകൾ, 36 സോളാർ പ്ലാന്റുകൾ, എന്നിവയും 16 സംഘങ്ങൾക്ക് സ്ഥലം വാങ്ങാനുള്ള ധനസഹായവും നൽകിയിട്ടുണ്ട്. 52 ക്ഷീരസംഘങ്ങൾ 150 സർട്ടിഫിക്കറ്റിന് അർഹരായിട്ടുണ്ട്. ഇക്കാലയളവിൽ കേരളത്തിൽ 55 പുതിയ ക്ഷീരസംഘങ്ങൾ പ്രവർത്തനം ആരംഭിക്കുകയും പ്രവർത്തന രഹിതമായ 11 സംഘങ്ങളെ പുനരുദ്ധരിക്കുകയും ചെയ്തു.

## ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ പ്രവർത്തനങ്ങൾ

ക്ഷീര വികസന വകുപ്പിന്റെ പദ്ധതി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കുന്നതിന് ഇ-ഗവേണൻസിന്റെ ഭാഗമായി ഓൺ ലൈൻ പോർട്ടലായ ക്ഷീരശ്രീ പോർട്ടൽ വികസിപ്പിച്ചു. 3 ലക്ഷത്തിനടുത്ത് കർഷകർ പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വകുപ്പ് പദ്ധതികൾക്കുള്ള അപേക്ഷ സ്വീകരിക്കുന്നതു മുതൽ ധനസഹായ വിതരണം വരെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഉദ്യോഗസ്ഥർ, ക്ഷീരസംഘം, മറ്റു സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്ന ക്ഷീരശ്രീ പോർട്ടൽ ക്ഷീരവികസന വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിന് പ്രധാന പങ്ക് വഹിക്കുന്നു.

ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങളെ ഓൺലൈൻ ആയി ഏകോപിപ്പിക്കുന്ന യൂണിഫൈഡ് സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കിയതിലൂടെ ക്ഷീരസംഘങ്ങളിൽ കർഷകരിൽ നിന്നും പാൽ സംഭരിക്കുന്നതു മുതൽ വില നൽകുന്നതുവരെയുള്ള പ്രവർത്തനങ്ങൾ ഓൺലൈൻ പ്ലാറ്റ് ഫോമിൽ ലഭ്യമാകുന്നു.

ക്ഷീരവികസന വകുപ്പിന്റെ എല്ലാ ഓഫീസുകളിലും പൂർണ്ണമായും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുകയും അതുവഴി സുതാര്യവും കാര്യക്ഷമവുമായ ഭരണ സംവിധാനവും ഫയൽ നീക്കവും പ്രാബല്യത്തിലാവുകയും ചെയ്തിട്ടുണ്ട്.

## മൂർക്കനാട് പാൽപ്പൊടി ഫാക്ടറി

മലപ്പുറം ജില്ലയിലെ മൂർക്കനാട് 131.03 കോടി രൂപ ചെലവിൽ 10 മെട്രിക് ടൺ ഉൽപാദന ശേഷിയുള്ള പാൽപ്പൊടി ഫാക്ടറി ആരംഭിച്ചു. ഇതിനായി RIDF വിഹിതമായി 32.72 കോടി രൂപയും വകുപ്പിന്റെ പദ്ധതി വിഹിതമായി 15.5 കോടി രൂപയും MRCMDU വിഹിതമായി 83.31 കോടി രൂപയുമാണ് ചെലവഴിച്ചത്.

## കുട്ടനാട് പാക്കേജും പ്രത്യേക ദുരിതാശ്വാസ പദ്ധതികളും

കുട്ടനാട് പ്രദേശത്തെ വെള്ളപ്പൊക്ക ഭീഷണിയെ നേരിടാൻ ക്ഷീരകർഷകർക്ക് ആശ്വാസമെന്ന നിലയിൽ പ്രളയ ദുരിതത്തിൽ നിന്നും ഈ മേഖലയ്ക്ക് ഒരു ശാശ്വത പരിഹാരമായി ചെമ്പുംപുറം, ചമ്പക്കുളം എന്നീ 2 ക്ഷീരസംഘങ്ങൾ കേന്ദ്രീകരിച്ച് "എലിവേറ്റഡ് & കമ്മ്യൂണിറ്റി കാറ്റിൽ ഷെഡ്" പദ്ധതി നടപ്പിലാക്കി. 100 പശുക്കളെ വീതം ഉൾക്കൊള്ളുന്ന 2 എലിവേറ്റഡ് ആന്റ് കമ്മ്യൂണിറ്റി ക്യാറ്റിൽ ഷെഡുകൾ 6 കോടി രൂപ ചെലവിൽ നിർമ്മിക്കുകയുണ്ടായി. ചെമ്പുംപുറം പദ്ധതിയുടെ ഉദ്ഘാടനം 2022 മേയ് മാസത്തിൽ നടത്തുകയുണ്ടായി. ചമ്പക്കുളം പദ്ധതി ഈ വർഷം പൂർത്തികരിക്കും.

ക്ഷീരവികസനം ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള ഒരു മികച്ച ഉപാധി എന്ന നിലയിൽ അതി ദരിദ്രർക്കുള്ള പശു വിതരണ പദ്ധതി വഴി സംസ്ഥാനത്തെ അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ട 280 കുടുംബങ്ങൾക്ക് കറവപശുക്കളെ വിതരണം ചെയ്യാൻ കഴിഞ്ഞു.

ക്ഷീരവികസന വകുപ്പിന്റെ കണ്ടിജൻസി ഫണ്ട് പദ്ധതി വഴി ഇൻഷുറൻസ് ഇല്ലാതെ ആകസ്മികമായി മരണപ്പെട്ട 2754 എണ്ണം കറവപശുക്കൾക്ക് 15,000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

## ഉൽപാദന ചെലവു കുറയ്ക്കാൻ തീറ്റപ്പുൽ കൃഷി വ്യാപന പദ്ധതികൾ

സംസ്ഥാനത്തെ തീറ്റപ്പുൽ കൃഷി വികസനത്തിന്റെ നോഡൽ ഏജൻസിയായ ക്ഷീരവികസന വകുപ്പ് വഴി കഴിഞ്ഞ 5 വർഷങ്ങളിൽ 39.42 കോടി രൂപ ചെലവിട്ട് വിവിധ പുൽകൃഷി വികസന പദ്ധതികളാണ് നടപ്പിലാക്കിയത്. 8790 ഹെക്ടർ അധിക സ്ഥലത്ത് ഈ പദ്ധതികൾ വഴി പുൽകൃഷി വ്യാപിപ്പിക്കുകയും 30859 കർഷകർക്ക് ധനസഹായം നൽകി 15.383 ലക്ഷം ടൺ തീറ്റപ്പുൽ അധികമായി ഉൽപാദിപ്പിക്കുകയും ചെയ്തു.

259 ഹെക്ടർ തരിശു ഭൂമിയിൽ തീറ്റപ്പുൽ കൃഷി നടപ്പിലാക്കുകയും ക്ഷീരസംഘങ്ങളിലൂടെ 15 കോടി രൂപയുടെ പച്ചപ്പുൽ/വൈക്കോൽ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

## ഗുണമേന്മാ നിയന്ത്രണ പ്രവർത്തനങ്ങളും സ്റ്റേറ്റ് ഡയറി ലാബും

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ അതിർത്തികളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 3 സ്ഥിരം ചെക് പോസ്റ്റുകൾ (പാറശ്ശാല, ആര്യങ്കാവ്, മീനാക്ഷിപുരം), 3 റീജിയണൽ ലാബുകളും 14 ജില്ലാ ഗുണനിയന്ത്രണ ഓഫീസുകളും ഗുണമേന്മയുള്ള പാലുൽപാദനം സുരക്ഷിതമായ പാൽ പാലുൽപ്പന്നങ്ങളുടേയും ഉപഭോഗം ഉറപ്പാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു.

ക്ഷീരവികസന വകുപ്പിന്റെ കീഴിൽ, പട്ടം ആസ്ഥാനമാക്കി പാൽ, പാലുല്പന്നങ്ങൾ, വെള്ളം, കാലിത്തീറ്റ, കാലിത്തീറ്റ നിർമ്മാണത്തിനുപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, മറ്റു ഭക്ഷ്യോൽപ്പന്നങ്ങൾ എന്നിവയുടെ രാസ ഗുണനിലവാരവും, അണുഗുണനിലവാരവും പരിശോധിക്കുന്നതിനും, അതുമുഖേന ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനും വേണ്ടി, 2010-ൽ പ്രവർത്തനമാരംഭിച്ച സമ്പൂർണ്ണ സർക്കാർ നിയന്ത്രണത്തിലുള്ള ഒരു സംവിധാനമാണ് സ്റ്റേറ്റ് ഡയറി ലബോറട്ടറി. അന്താരാഷ്ട്ര ഗുണനിലവാരമായ ISO/IEC 17025:2017 പ്രകാരമുള്ള എൻ.എ.ബി.എൽ NABL) അക്രഡിറ്റേഷൻ ലഭിച്ച ഈ ലബോറട്ടറിയിൽ കെമിക്കലും മൈക്രോബയോളജി വിഭാഗങ്ങളിലുമായി 143 സ്കോപ്പും 590 പാരാമീറ്ററുകളുടേയും അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. പാലിലേയും പാലുല്പന്നങ്ങളിലേയും FSSAI പ്രകാരമുള്ള പരിശോധനകളും, വെള്ളത്തിൽ IS 10500, IS 14543 എന്നിവ പ്രകാരമുള്ള പരിശോധനകളും കാലിത്തീറ്റയിൽ IS 2052, പ്രകാരമുള്ള പരിശോധനകളും ചെയ്യുന്നുണ്ട്. ഇതു കൂടാതെ ക്ഷീര സംഘങ്ങളിലെയും, ജില്ലാ ഗുണനിയന്ത്രണ ഓഫീസുകളിലേയും, പരിശോധനയ്ക്കായി ഉപയോഗിക്കുന്ന ഗ്ലാസ്സുപകരണങ്ങളുടെ കാലിബ്രേഷനും, ഉദ്യോഗസ്ഥർക്ക് വിവിധ പരിശീലനങ്ങളും ലബോറട്ടറിയുടെ സേവനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

## അവാർഡുകൾ, പുരസ്കാരങ്ങൾ

ഓൺലൈൻ സംവിധാനത്തിലാക്കിയ ആദ്യ സംരംഭത്തിന് 2022 ൽ അംഗീകാരമായി. കേന്ദ്ര സർക്കാരിന്റെ ഡിജിറ്റൽ ഇൻഡ്യ അവാർഡ് ലഭിക്കുകയുണ്ടായി. 2022 ലും 2025 ലും ലഭിച്ച കേരള സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡും ക്ഷീരവികസന വകുപ്പിന്റെ ഇൻഫർമേഷൻ ടെക്നോളജി രംഗത്തെ പ്രവർത്തനങ്ങൾക്ക് അഭിമാനകരമായ അംഗീകാരമായി.

## ജനകീയാസൂത്രണ പദ്ധതികളിലെ മികച്ച പങ്കാളിത്തം

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഫണ്ട് പ്രയോജനപ്പെടുത്തി 2021-22 വർഷം 121 കോടിരൂപയുടേയും 2022-23 വർഷം 140 കോടി രൂപയുടേയും 2023-24 വർഷം 132 കോടി രൂപയുടേയും 2024-25 വർഷം 143 കോടി രൂപയുടേയും ക്ഷീരവികസന പ്രവർത്തനങ്ങൾ നടത്തുവാൻ സാധിച്ചു. ഇത് ഒരു സർവ്വകാല റെക്കാർഡ് ആണ്. ഏകദേശം 95 ശതമാനം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ സഹകരണം ക്ഷീരവികസന പദ്ധതികൾക്കായി ലഭിച്ചു എന്നത് അഭിമാനകരമാണ്. ക്ഷീര ഗ്രാമം പദ്ധതിയിലെ പങ്കാളിത്തം കൂടാതെ പാലുൽപാദനത്തിൽ മുൻ പന്തിയിൽ നിൽക്കുന്ന 50 ഫോക്കസ് ബ്ലോക്കുകൾ കേന്ദ്രീകരിച്ച് ത്രിതല പഞ്ചായത്തുകൾ വഴി ഉരുക്കളെ വാങ്ങുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് പ്രത്യേക ഊന്നൽ നൽകിവരുന്നു.

ക്ഷീരവികസന വകുപ്പിന്റെ മേൽനോട്ടത്തിൽ പ്രധാനമന്ത്രി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏകദേശം 12,000 കാലിത്തൊഴുത്തുകൾ പുതുതായി നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

## കാലിത്തീറ്റയുടെ ഗുണമേന്മ ഉറപ്പാക്കൽ

സംസ്ഥാനത്ത് ഉൽപാദിപ്പിക്കപ്പെടുന്നതും വിപണനം ചെയ്യപ്പെടുന്നതുമായ വിവിധയിനം കന്നുകാലി കോഴിത്തീറ്റകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും കാലിത്തീറ്റ വ്യാപാരം നിയമത്തിന്റെ കീഴിൽ കൊണ്ടു വരുന്നതിനും സർക്കാർ മുൻകൈയ്യെടുത്ത് 2023 ൽ പാസ്സാക്കിയ കേരള കന്നുകാലിത്തീറ്റ, കോഴിവർഗ്ഗത്തീറ്റ, ധാതുലവണമിശ്രിതം (നിർമ്മാണവും സംഭരണവും വിതരണവും വിൽപ്പനയും നിയന്ത്രിക്കലും ഗുണനിലവാരം ഉറപ്പാക്കലും) ആക്ട് ക്ഷീര/മൃഗസംരക്ഷണ മേഖലയിലെ നിർണ്ണായകമായ ഒരു നാഴികക്കല്ലാണ്.

## പരിശീലന കേന്ദ്രങ്ങൾ

ക്ഷീര കർഷകർക്ക് ക്ഷീരമേഖലയിലെ നൂതന ആശയങ്ങളെ കുറിച്ച് അവബോധം നൽകുന്നതിനും ക്ഷീരസഹകരണ സംഘം ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും സംരംഭകർക്കും ക്ഷീരവികസന വകുപ്പിലെ ഉദ്യോഗസ്ഥർക്കും പരിശീലനം നൽകുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലായി 7 ക്ഷീര പരിശീലന കേന്ദ്രങ്ങളും സ്റ്റേറ്റ് ഫോഡർ ഫാമിൽ തീറ്റപ്പുൽ കൃഷി പരിശീലന കേന്ദ്രവും പട്ടണക്കാട് മിൽക്ക് പ്രോഡക്ട് മാനുഫാക്ചറിംഗ് സെന്ററും പ്രവർത്തിക്കുന്നു. .

ക്ഷീര വികസന വകുപ്പിന് കീഴിൽ 2021 ൽ സ്ഥാപിതമായ കേരള സ്റ്റേറ്റ് ഡയറി മാനേജ്മെന്റ് ഇൻഫർമേഷൻ സെന്റർ (KSDMIC) സംസ്ഥാനത്തെ ക്ഷീരമേഖലയുമായി ബന്ധപ്പെട്ട വിവരശേഖരണം, ഡാറ്റാ അനലൈസിംഗ്, ക്രോഡീകരണം എന്നീ പ്രവർത്തനങ്ങളിലൂടെ ഈ മേഖലയിലെ ഭാവി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിന് വേണ്ടി പ്രവർത്തിക്കുന്നു. കേരളത്തിലെ ആകെ പാലുൽപാദനം, സംഭരണം, സംസ്കരണം, വിപണനം, ഉപഭോഗം, കാലിത്തീറ്റ ഉൽപാദനം, തീറ്റപ്പുൽകൃഷി എന്നിവ സംബന്ധിച്ച വിവരശേഖരണം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നു വരുന്നു.

ഓച്ചിറ ക്ഷീരപരിശിലന കേന്ദ്രത്തിന് പുതിയകെട്ടിടം – കൊല്ലം ജില്ലയിലെ ഓച്ചിറയിൽ ക്ഷീര പരിശീലന കേന്ദ്രത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടിയുള്ള 3.00 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം കിട്ടിയിട്ടുണ്ട് .

## Milma

ക്ഷീരകർഷകരുടെയും അതുവഴി ക്ഷീരമേഖലയുടെയും ഉന്നമനത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് സമാന്തരമായിത്തന്നെ മിൽമയും നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- ക്ഷീരമേഖലയിലെ സംരംഭകത്വത്തെ പ്രോത്സാഹിപ്പിക്കാനും കർഷകർക്കായുള്ള ക്ഷേമപദ്ധതികൾ നടപ്പിലാക്കുന്നതിനുമുള്ള ധാരണാപത്രം കെ.സി.എം.എം.എഫും കേരളാ ബാങ്കുമായി 08.01.2025-ൽ ഒപ്പുവക്കുകയും ഇതിന്റെ പ്രാരംഭ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ക്ഷീരകർഷകർക്ക് ലളിതമായ വ്യവസ്ഥയിൽ കേരള ബാങ്കിലൂടെ 3 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ വായ്പ ലഭ്യമാക്കുന്ന ക്ഷീരമിത്ര വായ്പാ പദ്ധതിയാണ് ഇതിൽ പ്രധാനം.
- ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന ക്ഷീരസാന്ത്വനം പദ്ധതിയിലേക്ക് മിൽമയുടെ വിഹിതമായി നൽകിയിരുന്ന തുക, 500 രൂപയിൽ നിന്നും 600 രൂപയായി ഉയർത്തിയിട്ടുണ്ട്.
- കർഷകർക്ക് അധിക പാൽവിലയായിട്ട് മാത്രം 157.99 കോടി രൂപയാണ് കഴിഞ്ഞ സാമ്പത്തികവർഷം മിൽമ മേഖലാ യൂണിയനുകൾ നൽകിയിട്ടുള്ളത്.
- കർഷകരുടെ ഉൽപ്പാദനചെലവ് കുറയ്ക്കുന്നതിലേക്കായി ഇക്കഴിഞ്ഞ സാമ്പത്തിക വർഷം വർഷത്തിലുടനീളം (12 മാസവും) ഫെഡറേഷനും മേഖലാ യൂണിയനുകളും ചേർന്ന് കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദിച്ചിട്ടുണ്ട്. കാലിത്തീറ്റ സബ്സിഡിയായി ഫെഡറേഷൻ നൽകിയ 11.95 കോടി രൂപ ഉൾപ്പെടെ മൊത്തത്തിൽ 30.18 കോടി രൂപ ഇക്കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിച്ചിട്ടുണ്ട്. ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ മിൽമ കർഷകർക്ക് ലഭ്യമാക്കുന്നു.
- ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്.
- കാലാവസ്ഥാ വ്യതിയാനം മൂലമുണ്ടാകുന്ന ഉൽപ്പാദനക്കുറവിനാൽ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം പരിഹരിക്കുന്നതിനായി കാലാവസ്ഥാ അധിഷ്ഠിത ഇൻഷുറൻസ് പദ്ധതി മേഖലാ യൂണിയനുകൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന ക്ഷീരകർഷകരെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തുകൊണ്ട് തിരുവനന്തപുരം മേഖലാ യൂണിയൻ 28.83 ലക്ഷം രൂപയും, എറണാകുളം മേഖലാ യൂണിയൻ 3.78 ലക്ഷം രൂപയും, മലബാർ മേഖലാ യൂണിയൻ 23.07 ലക്ഷം രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ അടവാക്കിയിട്ടുണ്ട്.
- കേരളാബാങ്ക്, വ്യവസായ വാണിജ്യ വകുപ്പ്, കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ്, കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ, ക്ഷീരവികസന വകുപ്പ് എന്നീ വിവിധ

വകുപ്പുകൾ നടപ്പിലാക്കി വരുന്ന വായ്പാ പദ്ധതികൾ സംബന്ധിച്ച് അതാത് വകുപ്പ് പ്രതിനിധികളുമായി വിശദമായി ചർച്ച നടത്തുകയും, അവയിൽ നിന്നും മിൽമയ്ക്ക് അനുയോജ്യമായവ കണ്ടെത്തി, അതിന്റെ വിശദാംശങ്ങൾ സർക്കുലർ രൂപത്തിൽ, മേഖലാ യൂണിയനുകൾക്കു കീഴിലുള്ള സംഘങ്ങൾ വഴി കർഷകർക്കിടയിൽ എത്തിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. ക്ഷീരവൃത്തി ഉപജീവനമാക്കിയവർക്ക് ഈ വായ്പാ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കൂടുതൽ വളർച്ച കൈവരിക്കാനും, പുതിയ ആൾക്കാരെ ഈ മേഖലയിലേക്ക് കൊണ്ടുവരുന്നതിനും ആയതിലൂടെ ക്ഷീരമേഖലയിൽ പുത്തൻ ഉണർവ് കൊണ്ടുവരുവാനും കഴിയുമെന്ന് പ്രത്യാശിക്കുന്നു.

- മിൽമ മേഖലാ യൂണിയനുകളുടെ സ്ഥിരം നിയമനങ്ങളിൽ ക്ഷീര കർഷകർക്കും അവരുടെ ആശ്രിതർക്കും, മേഖലാ യൂണിയന്റെ റിക്രൂട്ട്മെന്റ് & പ്രൊമോഷൻ റൂൾസിന് വിധേയമായിട്ടുള്ള വിദ്യാഭ്യാസ യോഗ്യതയുടെയും, പ്രവൃത്തി പരിചയത്തിന്റെയും അടിസ്ഥാനത്തിൽ, മുൻഗണന അനുവദിക്കുന്നത് സംബന്ധിച്ച് ദീർഘകാലമായുള്ള മേഖലായൂണിയനുകളുടെ ആവശ്യം സർക്കാർ അംഗീകരിച്ചുകൊണ്ട് തത്വത്തിൽ അനുമതി നൽകി ഉത്തരവ് പുറത്തിറക്കിയിട്ടുണ്ട്. മിൽമയുടെ മലബാർ, എറണാകുളം, തിരുവനന്തപുരം മേഖലായുണിയനുകളിലെ സ്ഥിര നിയമനങ്ങളിലാണ് സംവരണം പ്രാബല്യത്തിൽ വരിക. ഇത് ക്ഷീരമേഖലയിലേക്ക് കൂടുതൽ ആളുകളെ ആകർഷിക്കുന്നതിനും അതുവഴി ക്ഷീരമേഖല ശക്തി പ്രാപിക്കുന്നതിനും സഹായകമാകുന്നതോടൊപ്പം തന്നെ, ഈ മേഖലയിലേക്ക് പുതിയ തലമുറ എത്തുന്നില്ല എന്ന പ്രശ്നത്തിനും ഒരു പരിധി വരെ പരിഹാരമാകുന്നതാണ്.

ഈ പ്രവർത്തനങ്ങളുടെ എല്ലാം ഫലമായി 2025 ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ വരെയുള്ള കണക്കുകൾ പ്രകാരം മേഖലാ യൂണിയനുകൾ വഴിയുള്ള പാൽ സംഭരണത്തിൽ 13 ശതമാനത്തോളം വർദ്ധനവുള്ളതായാണ് കണക്കാക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ കാലിത്തീറ്റ സബ്സിഡിയായും അധിക പാൽവിലയായും മറ്റനേകം ക്ഷീരകർഷക ക്ഷേമ പ്രവർത്തനങ്ങളായും മിൽമ ക്ഷീരകർഷകർക്ക് നൽകിയ 254.79 കോടി രൂപയും ഈ വർദ്ധന നേട്ടത്തിൽ പങ്കാളിയായിട്ടുണ്ട്. ആഭ്യന്തര സംഭരണം രാജ്യമൊട്ടാകെ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനാവശ്യമായ പാൽ പൂർണമായും ഉൽപ്പാദിപ്പിക്കുന്ന നിലയിലേക്ക് സംസ്ഥാനം മാറിയിട്ടില്ല എങ്കിൽപ്പോലും പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത എന്ന ലക്ഷ്യത്തിലേക്കുള്ള ഒരു ചുവടുവയ്പ്പായി ഈ വർദ്ധനവിനെ കണക്കാക്കാവുന്നതാണ്.